ലോക്കൽ ഫണ്ട് ആഡിറ്റ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വധഭീഷണി

114 (3304) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വധഭീഷണി മുഴക്കിയെന്ന് കാണിച്ച് കല്പറ്റ പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

(സി) നടപടി ഒന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ;

(ഡി) 25-11-1999-ലെ പ്രധാന പത്രങ്ങളിൽ ഇത് സംബന്ധിച്ച വാർത്തകൾ വന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 24-11-1999-ന് പോലീസിന് പരാതി ലഭിച്ചിട്ടുണ്ട്.

(ബി, സി) പരാതിയിന്മേൽ അന്വേഷണം നടത്തി ഇരുകക്ഷികളേയും കണ്ട് പ്രശ്നം തീർപ്പാക്കിയിട്ടുള്ളതാണ്.

(ഡി & ഇ) പ്രശ്നം തീർപ്പാക്കി കഴിഞ്ഞതിനാൽ നടപടികൾ ആവശ്യമില്ല.

മലപ്പുറം ജില്ലയിലെ വാഹനമോഷണകേസുകൾ

115 (3305) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഓരോവർഷവും മലപ്പുറം ജില്ലയിൽ നിന്ന് എത്ര വാഹന മോഷണകേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) വാഹനങ്ങളുടെ ഇനം തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഈ കാലയളവിൽ മഞ്ചേരി, അരിക്കോട് എന്നീ പോലീസ്സ്റ്റേഷൻ അതിർത്തിക്കുള്ളിൽ എത്ര വാഹന മോഷണ കേസുകൾ ഉണ്ടായിട്ടുണ്ട് ;

(ഡി) വാഹനങ്ങളുടെ ഇനം തിരിച്ചു കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്ര വാഹനങ്ങൾ ഇതിനകം കണ്ടെടുത്തു ; അവയുടെ തരം തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(എഫ്) വീണ്ടെടുത്തവയിൽ എത്ര എണ്ണം ഉടമസ്ഥർക്ക് തിരികെ കൊടുത്തിട്ടുണ്ട് ;

(ജി) ഈ കേസുകളിൽ എത്ര പ്രതികൾ പിടിക്കപ്പെടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 20-5-1996 - 31-12-1996

53 കേസുകൾ

1997	94 കേസുകൾ
1998	122 കേസുകൾ
1999	144 കേസുകൾ
1.1.2000 - 18-3-2000	39 കേസുകൾ

(ബി) കാർ - 60, ജീപ്പ് - 125, മോട്ടോർസൈക്കിൾ - 153, ആട്ടോറിക്ഷ-80, പിക്ക് അപ്പ് ആട്ടോ - 15, ലോറി - 13, ബസ് - 5, ടെമ്പോ - 1,

(സി) മഞ്ചേരി സ്റ്റേഷനതിർത്തിയിൽ 42-ഉം അരിക്കോടിൽ 17 ഉം കേസുകൾ ഉണ്ടായിട്ടുണ്ട്.

(ഡി) മഞ്ചേരി സ്റ്റേഷൻ

കാർ - 1, ജീപ്പ് - 14, മിനി ലോറി - 1, ടെമ്പോ - 1, ആട്ടോ റിക്ഷ - 4, ബസ് - 2, ലോറി - 1, മോട്ടോർ സൈക്കിൾ - 17.

അരിക്കോട് സ്റ്റേഷൻ

കാർ - 3, ജീപ്പ് - 3, ബസ് - 1, ആട്ടോറിക്ഷ - 2, മോട്ടോർസൈക്കിൾ - 7, പിക്ക് അപ് ആട്ടോ - 1

(ഇ) മഞ്ചേരി പി. എസ്.

ടെമ്പോ - 1, ബസ് - 2, ജീപ്പ് - 8, മോട്ടോർ സൈക്കിൾ - 7, ആട്ടോ റിക്ഷ - 1,

അരിക്കോട് പി. എസ്.

മോട്ടോർ സൈക്കിൾ - 5, ജീപ്പ് - 1, പിക്ക് അപ്പ് ആട്ടോ - 1, ബസ് - 1, ആട്ടോറിക്ഷ - 1

(എഫ്) വീണ്ടെടുത്ത വാഹനങ്ങൾ എല്ലാം കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) മഞ്ചേരി സ്റ്റേഷനിൽ 24 കേസുകളിലേയും, അരിക്കോട് സ്റ്റേഷനിൽ 13 കേസുകളിലേയും പ്രതികളെ പിടികൂടാനുണ്ട്.

തിരുവനന്തപുരത്ത് ജാഥ തടഞ്ഞ സംഭവം

116 (3306) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ട് മാർച്ച് മാസം 1-ാം തീയതി ഡി.വൈ.എഫ്.ഐ. സംസ്ഥാനത്തുള്ള കേന്ദ്ര ഓഫീസുകൾ ഉപരോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) പ്രസ്തുത ഉപരോധത്തിന് പോയ ഡി.വൈ.എഫ്.ഐ. ജാഥകളെ വഴിക്കുവെച്ച് പോലീസ് തടഞ്ഞുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(സി) 2000-ാമാണ്ട് ഫെബ്രുവരി 3-ാം തീയതി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ ഓഫീസിന് മുമ്പിൽ ധർണ്ണയ്ക്കു പോയ യു.ഡി.എഫ്. പ്രതിനിധികൾ അടങ്ങുന്ന ജാഥയെ പോലീസ് തടയുവാൻ ശ്രമം നടത്തുകയുണ്ടായോ ;

(ഡി) എങ്കിൽ അത് എന്തടിസ്ഥാനത്തിലെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉദാരവൽക്കരണ നയങ്ങൾക്കെതിരേയും തൊഴിലില്ലായ്മക്കെതിരേയും പ്രതിഷേധിച്ചാണ് ഉപരോധം നടന്നത്.

(ബി) തടഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലെ വച്ച് കേരള പോലീസ് ആക്ട് പ്രകാരം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ നിയമാനുസൃത ഉത്തരവ് അനുസരിച്ച് ജാഥ പോലീസ് തടഞ്ഞിരുന്നു.

(ഡി) ജാഥ നടത്തുന്നതിന് ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലെവരെ മാത്രമെ അനുവാദമുണ്ടായിരുന്നുള്ളൂ. മാർച്ച് ഇല്ക്ഷൻ കമ്മീഷൻ ഓഫീസിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്താതിരിക്കുന്നതിനും മറ്റ് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണ് ജാഥ തടഞ്ഞത്.

മഞ്ചേരി ഡി.എം.ഒ ഓഫീസ് ആക്രമിച്ച കേസ്സിലെ പ്രതികൾ

117 (3307) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ഡി.എം.ഒ. ഓഫീസിൽ നടന്ന അക്രമത്തെ സംബന്ധിച്ച് മഞ്ചേരി പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം 646/99 കേസ്സിൽ ഉൾപ്പെട്ട പ്രതികളെ ഇതിനകം പിടികൂടിയിട്ടുണ്ടോ ; എങ്കിൽ ആരെല്ലാമാണ് പ്രതികൾ ;

LIBRARY ARCHIVES Kerala Legislative Assembly